2. ഓരു ജലാശയങ്ങളിൽ ചെമ്മീൻ കൃഷി വികസിപ്പിക്കാൻ വാട്ടർ ഡെവലപ്പ്മെൻറ് ഏജൻസി (ഓരു ജല വികസന ഏജൻസി) രൂപീകരിക്കാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു.

3. ഫിഷ് ഫാർമേഴ്സ് വികസന ഏജൻസികളും രൂപീകരിച്ച് ഉൾനാടൻ മത്സ്യവികസനത്തിനു സാമ്പത്തിക സാങ്കേതിക സഹായം നൽകുന്നു.

4. സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനു പുറമേ പ്രസ്തുത സ്ഥാപനങ്ങളുടെ സഹായത്തോടെ വിപുലമായ പദ്ധതികളും നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

തങ്കമണിയിലെ പോലീസ് അതിക്രമം

*488 [520] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒക്ടോബർ 21-ാം തീയതി രാത്രിയിൽ തങ്കമണിയിൽ പോലീസിന്റെ അതിക്രമങ്ങൾക്കും ബലാൽസംഗങ്ങൾക്കും സ്ത്രീകൾ വിധേയരായിട്ടുണ്ടോ; എങ്കിൽ എത്ര പേർ;

(ബി) ഈ അതിക്രമങ്ങളുടെ പേരിലും മറ്റും പോലീസുകാരെ ശിക്ഷണ നടപടികൾക്കു വിധേയരാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെ;

(സി) എന്തെല്ലാം ശിക്ഷകൾ ആരുടെയൊക്കെ പേരിൽ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) സ്ത്രീകളോട് അക്രമം കാണിച്ചതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. ഇത് ഉൾപ്പെടെയുള്ള ബന്ധപ്പെട്ട കാര്യങ്ങളെപ്പറ്റി അന്വേഷിക്കുവാൻ ഒരു ജുഡീഷ്യൽ കമ്മീഷനെ നിയോഗിച്ചിട്ടുണ്ട്.

(ബി) വെടിവയ്പ്പിനുശേഷം ഉണ്ടായ സംഭവങ്ങൾക്ക് ഉത്തരവാദികളെന്ന് പ്രാഥമിക അന്വേഷണത്തിൽ തെളിഞ്ഞ 6 പേരെ സർവ്വീസിൽ നിന്നും സസ്പെൻറ് ചെയ്തിട്ടുണ്ട്.

(സി) പി. സി. 572 ജോയി, ഇടുക്കി സർക്കിൾ ഇൻസ്പെക്ടർ എ. അഹമ്മദ് കുഞ്ഞ്, പീരുമേട് സർക്കിൾ ഇൻസ്പെക്ടർ ഐ.സി. തമ്പാൻ, റിസർവ്വ് സബ് ഇൻസ്പെക്ടർ സി. എൻ. പുരുഷോത്തമൻ പിള്ള, പീരുമേട് സബ് ഇൻസ്പെക്ടർ അലക്സ് മാത്യു, പി.സി. വിജയൻ എന്നിവരെ അന്വേഷണത്തിനു വിധേയമായി സർവ്വീസിൽനിന്നും സസ്പെൻറ് ചെയ്തിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം

*489 [521] ശ്രീ. കെ. പുരുഷോത്തമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലോരത്ത് തിങ്ങിപ്പാർക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനു ഫിഷറീസ് വകുപ്പ് എന്തൊക്കെ നടപടികളെടുക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly